പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 120* 29.09.2011 ൽ മറുപടിക്ക്

## റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) കാലവർഷത്തെ തുടർന്ന് തകർന്ന സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) കാലവർഷത്തെ തുടർന്ന് തകർന്ന സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 314.50 കോടി രൂപയും 5 കോർപ്പറേഷനുകളിലെ പ്രധാന റോഡുകളുടെ PWD മുഖേനയുള്ള ഒറ്റത്തവണ അറ്റകുറ്റപ്പണികൾക്കായി 157.96 കോടി രൂപയും, ദേശീയപാതകളിലെ അറ്റകുറ്റപ്പണിക്കായി 20.69 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡുകൾ നന്നാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) & (സി)<br>ടി റോഡുകൾ നന്നാക്കുന്നതിനായി ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭരണാനുമതിയും മറ്റും ഉടനെ നൽകുന്നതാണ്. അതിൻ പ്രകാരം പ്രവൃത്തികൾ ആരംഭിക്കും |
| (സി) റോഡുകളുടെ പ്രവൃത്തികൾ എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; | |

| | |
|---|---|
| (ഡി) കോർപ്പറേഷൻ റോഡുകൾ ഏറ്റെടുത്ത് അറ്റകുറ്റപ്പണി നടത്തുന്നതിന് നിബന്ധനകൾ വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | (ഡി) ഉണ്ട്; ഒറ്റവരി ഗതാഗതത്തിന് ആവശ്യമായ 3.75 മീറ്റർ എങ്കിലും ടാർ വീതിയുള്ളതും പൊതുമരാമത്തു റോഡുകളുമായോ, മറ്റു പ്രധാന കോർപ്പറേഷൻ റോഡുകളുമായോ ബന്ധിപ്പിക്കുന്നതുമായ റോഡുകൾ മാത്രമേ ഈ ഒറ്റത്തവണ അറ്റകുറ്റപ്പണിയിൽ ഉൾപ്പെടുത്തുകയുള്ളു. |

സെക്ഷൻ ഓഫീസർ